എൻട്രൻസ് പരീക്ഷയുമായി ബന്ധപ്പെട്ട കേസുകൾ

68(493) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000-ലെ എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസ് പരീക്ഷയുമായി ബന്ധപ്പെട്ട എത്ര റിട്ട് പെറ്റീഷനുകൾ സംസ്ഥാന ഹൈക്കോടതിയിൽ ഫയൽ ചെയ്തു ;

(ബി) ഈ കേസുകളിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) അതിൽ എന്തെല്ലാം ആവശ്യങ്ങൾ കോടതി അംഗീകരിച്ചു ;

(ഡി) എത്ര കേസുകളിൽ ഗവൺമെന്റിന് എതിരായി വിധി ഉണ്ടായി ?

ഉത്തരം

(എ) ഇരുപത് റിട്ട് ഹർജികൾ.

(ബി) ചോദ്യപേപ്പറുകളിൽ തെറ്റായ ചോദ്യങ്ങൾ ഉണ്ടായിരുന്നെന്നും അതിനുമേൽ അനുവർത്തിക്കേണ്ടുന്ന മാനദണ്ഡങ്ങൾ സംബന്ധിച്ചും ഹൈക്കോടതി പരിശോധിച്ചു. തീരുമാനിക്കണമെന്നും തെറ്റായ ചോദ്യങ്ങളെ അടിസ്ഥാനമാക്കി റാങ്ക് നിശ്ചയിക്കരുതെന്നും മറ്റുമുള്ള പൊതു ആവശ്യങ്ങളായിരുന്നു.

(സി) വിദഗ്ദ്ധ സമിതിയുടെ പരിശോധനയിൽ ചോദ്യപേപ്പറുകളിൽ തെറ്റുകൾ കണ്ടെത്തിയതിനെത്തുടർന്ന് റാങ്ക്‌ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് പ്രവേശന പരീക്ഷാകമ്മീഷണർ തന്നെ ഹൈക്കോടതിയിൽ ആവശ്യപ്പെടുകയും പ്രസ്തുത ആവശ്യം കോടതി അംഗീകരിക്കുകയും ചെയ്തു.

(ഡി) ഗവൺമെന്റിനെതിരായി വിധിയൊന്നും ഉണ്ടായിട്ടില്ല.

എൻട്രൻസ് ലിസ്റ്റിൽ നിന്നും കോഴ്സുകൾ തെരഞ്ഞെടുത്തത് സംബന്ധിച്ച് പരാതി

69(494) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-1999-ലെ എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസ് ലിസ്റ്റിൽ നിന്നും കുട്ടികളെ ഓരോ കോഴ്സിലേയ്ക്കും തെരഞ്ഞെടുത്തത് സംബന്ധിച്ച് പരാതികളുണ്ടായിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ പരാതികൾ എൻട്രൻസ് എക്സാമിനേഷൻ കൺട്രോളറുടെ തലത്തിൽ പരിശോധിക്കുകയോ പരിഹാരം കാണുകയോ ചെയ്തുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ പരാതികൾ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly